# യോഹന്നാന്റെ ജീവപഠനം

## ദൂത് പതിനാല്

## ശക്തിഹീനരുടെ ആവശ്യം-ജീവന്റെ ചൈതന്യവത്ക്കരണം

Mon ഈ ദൂതിൽ നാം നാലാമത്തെ സംഭവത്തിലേക്ക്-ശക്തിഹീനരെ സംബന്ധിച്ച ആവശ്യത്തിലേക്ക് വരുന്നു(യോഹ.5:1-47). ഈ സംഭവം മതത്തിന്റെ വ്യർത്ഥത തുറന്നു കാട്ടുന്നു.

### I. മതത്തിന്റെ ന്യായപ്രമാണപാലനത്തിന്റെ അപര്യാപ്തതയും പുത്രന്റെ ജീവദാനത്തിന്റെ പര്യാപ്തതയും

മതത്തിന്റെ അപര്യാപ്തതയെയാണ് തളർന്ന മനുഷ്യന്റെ സംഭവം തുറന്നു കാണിക്കുന്നത്(5:1-9). യെഹൂദ മതത്തെക്കാൾ മെച്ചപ്പെട്ട ഒരു മതവും ഭൂമിയിലില്ല, കാരണം അത് ദൈവത്തിന്റെ അരുളപ്പാട നുസരിച്ച് രൂപീകരിക്കപ്പെട്ട, കലർപ്പില്ലാത്തതും മാതൃകാപരവുമായ, മതമാണ്. യെഹൂദമതം രൂപപ്പെട്ടത് ദിവ്യവചനം അനുസരിച്ചായിരുന്നു. അത് ഏക സത്യദൈവത്തെ ശരിയായ രീതിയിൽ ആരാധിക്കുന്നു. മറ്റൊരു മതത്തെയും ഇതിനോട് താരതമ്യപ്പെടുത്തുവാൻ കഴിയുക യില്ല.

എന്നിരുന്നാലും, മതം ദൈവവ്യവസ്ഥയുടെ ഭാഗമല്ല; അതിന് ദൈവോദ്ദേശ്യം നിറവേറ്റുവാൻ കഴിയുകയില്ല. ഒരു മതം ഉണ്ടാകു വാൻ ദൈവം ഒരിക്കലും ഉദ്ദേശിച്ചില്ല. ശരിയാണ്, ദൈവം തന്റെ ജനത്തിന് പഴയനിയമം എന്ന തന്റെ വിശുദ്ധവചനം നൽകുകയും അവരോട് തന്നെ ബന്ധപ്പെടുന്നതെങ്ങനെ എന്ന് പറയുകയും ചെയ്തു. അതിനെ സംബന്ധിച്ച് ഒരു സംശയവും ഇല്ല. എന്നിരു ന്നാലും, ഒരു മതം ഉണ്ടാകുക എന്ന ഉദ്ദേശ്യം ദൈവത്തിനുണ്ടായി രുന്നില്ല. മതം, മനുഷ്യന്റെ ഒരു കണ്ടുപിടിത്തം, വീണുപോയ മനു ഷ്യമനസ്സിന്റെ ഒരു ഉൽപ്പന്നം ആണ്. അത് മനുഷ്യസംസ്കാരത്തിന്റെ

ഏറ്റവും നല്ല കണ്ടുപിടിത്തം ആണ്. എന്നാൽ, ദൈവവ്യവസ്ഥയെ സംബന്ധിച്ച്, മതം ദൈവത്തിന്റെ ഏറ്റവും വലിയ ശത്രുവാണ്. അത് അവന്റെ വ്യവസ്ഥയ്ക്ക് അശേഷം എതിരാണ്. ദൈവത്തിന് ഒരു മതം സ്ഥാപിക്കുക എന്ന ഉദ്ദേശ്യം ഉണ്ടായിരുന്നില്ല എന്ന് ഞാൻ വീണ്ടും പറയുന്നു. ദൈവനിർണയം നിറവേറ്റുന്നതിന് തന്റെ ജനത്തിന് രക്ഷയും ജീവനുമായി വരുവാനുള്ളവനായ, ദൈവപുത്രനെ, അവർക്ക് വെളിപ്പെടുത്തിക്കൊണ്ട് തന്റെ വിശുദ്ധവചനം നൽകുക എന്നതായിരുന്നു അവന്റെ ഉദ്ദേശ്യം. ഈ വരുവാനുള്ളവൻ അവരുടെ എല്ലാം-നീതിയും വിശുദ്ധിയും വീണ്ടെടുപ്പും തേജസ്സും- ആയിരിക്കും. യെഹൂദജനത്തിന് ഈ തിരിച്ചറിവ് ഉണ്ടായിരുന്നില്ല. പകരം, അവൻ ദൈവത്തിന്റെ വിശുദ്ധവചനത്തിലെ കൽപ്പനകളിലെ ഭാഗങ്ങൾ തിരഞ്ഞെടുക്കുകയും അനുഷ്ഠാനങ്ങളും നിയന്ത്രണങ്ങളും ആസൂത്രണം ചെയ്യുവാൻ അവ ഉപയോഗിക്കുകയും ചെയ്തു. അവർ ഈ കല്പനകളും അനുഷ്ഠാനങ്ങളും നിയന്ത്രണങ്ങളും കൂട്ടിച്ചേർത്ത് ഒരു മതം രൂപപ്പെടുത്തി. എന്താണ് മതം? അതിന്റെ ഏറ്റവും നല്ല നിർവ്വചനം വെബ്സ്റ്റേഴ്സ് നിഘണ്ടുവിൽ(**Webster's Dictionary**) കാണുന്നില്ല. ക്രിസ്തുവില്ലാതെ, ദൈവത്തെ ആരാധിക്കുകയും നന്നായി പെരുമാറുകയും ചെയ്യുക എന്നതാണ് മതം. കേവലം ദൈവത്തെ ആരാധിക്കുവാനും, ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ശരിയായി പെരുമാറുവാനും, ഒരു തികഞ്ഞ വ്യക്തിയാകുവാനും നിങ്ങൾ പരമാവധി ശ്രമിക്കുക എന്നതാണ് മതം-എല്ലാം ക്രിസ്തുവില്ലാതെ. എല്ലാം നന്നായിരുന്നാലും-നിങ്ങൾ ചട്ടപ്രകാരം ദൈവത്തെ ആരാധിക്കുകയും നന്നായി പെരുമാറുകയും ചെയ്താലും-അതെല്ലാം ക്രിസ്തു ഇല്ലാത്തതാണ്. ക്രിസ്തുമതത്തിൽ ക്രിസ്തുവുണ്ടെന്ന് ആളുകൾക്ക് തോന്നും. എന്നാൽ മിക്കപ്പോഴും അത് ആഖ്യാനശൈലിയിൽ മാത്രമുള്ള ക്രിസ്തു ആണ്. ആഖ്യാനശൈലിയിൽ മാത്രമേ നിങ്ങൾക്ക് ക്രിസ്തു ഉള്ളൂവെങ്കിൽ അതും മതമാണ്. നമുക്ക് ക്രിസ്തു യാഥാർത്ഥ്യമായി ഉണ്ടായിരിക്കണം. നമ്മുടെ യാഥാർത്ഥ്യമായ ക്രിസ്തുവിനോടുകൂടെ മാത്രമേ നാം മതത്തിന് വെളിയിലാകുന്നുള്ളൂ.

കർത്താവായ യേശു വന്നപ്പോൾ, അവൻ പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട ഒരുവനായി വന്നു. ദൈവജനത്തിന് രക്ഷയായും ജീവനായും നീതിയായും വിശുദ്ധിയായും വീണ്ടെടുപ്പായും മഹത്വമായും എല്ലാമായും വന്ന ഒരുവനായിരുന്നു അവൻ. എന്നാൽ, അവൻ വന്നപ്പോൾ ദൈവജനമായ, യെഹൂദന്മാർ തങ്ങളുടെ മതത്തിൽ പൂർണ്ണമായും മുഴുകിയിരിക്കുകയായിരുന്നു. ഈ വന്നവനുവേണ്ടി അവരുടെ ഹൃദയത്തിൽ ഇടമില്ലായിരുന്നു. നിങ്ങൾ നാലു സുവിശേഷങ്ങൾ വായിക്കുകയാണെങ്കിൽ, കർത്താവ് പോയ ഇടത്തെല്ലാം, അവൻ ആയിരുന്ന ഇടത്തെല്ലാം, അവനെ ദൈവത്തിന്റെ വിശുദ്ധവചനമനുസിച്ച് രൂപീകരിക്കപ്പെട്ട മാതൃകാമതം എതിർത്തിരുന്നു എന്ന് നിങ്ങൾ

കാണും. ആ മതാനുസാരികൾ ഈ ജീവിക്കുന്നവനെ എതിർത്തത് അവരുടെ മതമനുസരിച്ചായിരുന്നു. അവർ ക്രിസ്തുവിനെ എതിർത്തത് ദൈവത്തിനുവേണ്ടിയായിരുന്നു എന്ന് അവർ കരുതി. ദൈവത്തെ സംരക്ഷിക്കുവാനുള്ള ശ്രമത്തിൽ അവർ ഈ ജീവിക്കുന്നവനെ മരണശിക്ഷയ്ക്കുപോലും വിധിച്ചു. അവരുടെ ഗ്രാഹ്യമനുസരിച്ച്, യേശു, താൻ ദൈവപുത്രനാണ്, എന്നു പറഞ്ഞപ്പോൾ, അവൻ തന്നെത്താൻ ദൈവത്തിനു സമനാക്കി ദൈവദൂഷണം പറയുകയായിരുന്നു(5:18). "ഞങ്ങൾക്ക് ഒരു ദൈവമേയുള്ളൂ, വേറെയില്ല. ഞങ്ങളുടെ ദൈവം യഹോവയായ ദൈവം ആണ്. യേശു എന്ന് പേരായി ഒരു ദൈവം ഞങ്ങൾക്കില്ല. ദൈവപുത്രനാണ് എന്നു നീ പറഞ്ഞാൽ, നീ നിന്നെ ത്തന്നെ ദൈവത്തോട് സമനാക്കി ദൈവദൂഷണം നടത്തുകയാണ്. ഞങ്ങൾക്ക് നിന്നെ വധിക്കേണ്ടിയിരി ക്കുന്നു"എന്ന് അവർ പറഞ്ഞതായി തോന്നും. അതായിരുന്നു മതം.

തത്ത്വത്തിൽ, ഇന്നത്തെ അവസ്ഥയും അതുതന്നെയാണ്. മതാനുസാരികളായ അനേകരും ദൈവത്തെ ആരാധിക്കുവാനും അവനെ പ്രീതിപ്പെടുത്തുവാനും നന്നായി പെരുമാറുവാനും തങ്ങളെത്തന്നെ തികഞ്ഞവരാക്കുവാനും പരമാവധി ശ്രമിക്കുന്നു. എന്നുവരികിലും, ഇതെല്ലാം ക്രിസ്തുവില്ലാതെയാണ്. ഇത്തരത്തിലുള്ള മതം ക്രിസ്തുവിനും ജീവനിലുള്ള ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികൾക്കും എപ്പോഴും എതിരായിരിക്കും. ഈ എതിർപ്പ് യോഹന്നാൻ 3-ലോ 4-ലോ വെളിപ്പെടുന്നില്ല; യോഹന്നാൻ 5-ൽ നാമത് കാണുന്നു. ശക്തിഹീനനായ മനുഷ്യന്റെ കാര്യത്തിൽ, മതത്തിൽനിന്നുള്ള എതിർപ്പ് പൂർണ്ണമായി തുറന്നുകാട്ടിയിരിക്കുന്നു. മാതൃകാമതത്തിന്റെ അപര്യാപ്തയും, അതിന് ക്രിസ്തുവിനോടുള്ള എതിർപ്പും, ഈ അദ്ധ്യായം മറനീക്കി കാണിക്കുന്നു. മതത്തിന്റെ ഈ അപര്യാപ്തതയും വ്യർത്ഥതയും അതിന് ക്രിസ്തുവിനോടുള്ള എതിർപ്പുമാണ് ഈ അദ്ധ്യായത്തിൽ പ്രതിലോമവശത്ത് നാം കാണേണ്ട പ്രധാന സംഗതി. അനുലോമവശത്ത്, ജനത്തെ ചൈതന്യവത്ക്കരിക്കുവാനുള്ള ജീവൻ എന്ന നിലയിൽ ദൈവപുത്രനായ ക്രിസ്തുവിന്റെ പര്യാപ്തതയും ശേഷിയും ഈ അദ്ധ്യായം കാണിക്കുന്നതുകൊണ്ട് കർത്താവിന് സ്തോത്രം. ജീവനായ കർത്താവ് നമ്മെ ചൈതന്യവത്ക്കരിക്കുവാൻ മതിയായവനാണ്.

ഈ സംഭവം ഒരു ദൃഷ്ടാന്തമാണ്. ഇതിന്റെ ഓരോ വശവും നാം ദൃഷ്ടാന്തീകരിക്കണം. അനേക വർഷങ്ങൾ ഞാൻ ഈ അദ്ധ്യായം വീണ്ടും വീണ്ടും വായിച്ചു. എനിക്കിത് മനസ്സിലായില്ല, ഞാൻ വളരെ വിഷമിക്കുകയും ചെയ്തു. വേദപുസ്തകം പഠിക്കുമ്പോൾ കേന്ദ്രചിന്ത കണ്ടെത്തുന്നതിൽ ഞാൻ പരിചയസമ്പന്നനായിരുന്നു. എന്നാൽ അനേക തവണ ഈ അദ്ധ്യായം പഠിച്ചതിനുശേഷവും കേന്ദ്രചിന്ത കണ്ടെത്തുവാൻ എനിക്ക് കഴിഞ്ഞില്ല. മൂന്നാം അദ്ധ്യായത്തിൽ കേന്ദ്രചിന്ത കണ്ടെത്തുക എളുപ്പമായിരുന്നു-വീണ്ടുംജനനം; അതുപോലെ

നാലാം അദ്ധ്യായത്തിലും-ജീവനുള്ള വെള്ളം. എന്നോടു പറയൂ, അഞ്ചാം അദ്ധ്യായത്തിലെ കേന്ദ്രചിന്ത എന്താണ്? ഈ അദ്ധ്യായത്തിലെ 24-ാം വാക്യം സുവിശേഷ പ്രസംഗത്തിനായി പലപ്പോഴും ഞാൻ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഈ അദ്ധ്യായത്തിന്റെ കേന്ദ്രചിന്ത മുഴുവനായി ഗ്രഹിക്കുവാൻ എനിക്ക് കഴിഞ്ഞില്ല.

## A. മതത്തിന്റെ ന്യായപ്രമാണപാലനത്തിന്റെ അപര്യാപ്തത

മാതൃകാമതത്തിലെ ന്യായപ്രമാണ പാലനത്തിന്റെ അപര്യാപ്തത കാണിക്കുക എന്നതാണ് പ്രതിലോമവശത്ത്, ഈ സംഭവത്തിന്റെ കേന്ദ്രചിന്ത. യെഹൂദമതത്തിലെ പ്രധാനസംഗതി നിയമപാലനമായിരുന്നു. ഓരോ യെഹൂദനും ന്യായപ്രമാണം ആദരിക്കുകയും അത് പാലിക്കുന്നതിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. ദൈവത്തെ പ്രീതിപ്പെടുത്തുവാനും നന്നായി പെരുമാറുവാനും തങ്ങളെത്തന്നെ തികഞ്ഞവരാക്കുവാനും ന്യായപ്രമാണപാലനമല്ലാതെ വേറെ വഴി അവർക്കില്ല എന്ന് യെഹൂദന്മാർ ഗ്രഹിച്ചിരുന്നു. ദൈവം കഴിഞ്ഞാൽ ന്യായപ്രമാണത്തോളം വലുതും പ്രധാനവുമായ യാതൊന്നുമില്ലെന്ന് ഏതൊരു മാതൃകാ യെഹൂദനും നിങ്ങളോട് പറയും. ദൈവം ഒന്നാമനും ന്യായപ്രമാണം രണ്ടാമത്തേതുമാണ്. അങ്ങനെ, ന്യായപ്രമാണ പാലനം ആ മാതൃകാമതത്തിന് എല്ലാമായിരുന്നു.

### *1. മാതൃകാമതത്തിലെ നല്ലകാര്യങ്ങൾ*

യെഹൂദമതത്തിൽ കുറഞ്ഞത് ഏഴു കാര്യങ്ങൾ ഉൾപ്പെടുന്നു: വിശുദ്ധ നഗരമായ യെരുശലേം, വിശുദ്ധ മന്ദിരം, വിശുദ്ധ ഉത്സവം, വിശുദ്ധ ശബ്ബത്ത്, ദൂതന്മാർ, മോശ, തിരുവെഴുത്ത് എന്നിവ. നിങ്ങൾ ഈ ഏഴ് കാര്യങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ, അവ യെഹൂദമതത്തിന് തുല്യമാണ്. ഇവ ശ്രേഷ്ഠവും അത്ഭുതകരവുമായ കാര്യങ്ങളാണ്. യെഹൂദമതത്തിൽ എന്താണുള്ളതെന്ന് നിങ്ങൾ എന്നോട് ചോദിക്കുകയാണെങ്കിൽ ഞാൻ കുറഞ്ഞത് ഏഴു കാര്യങ്ങൾ നിങ്ങളോട് പറയും: 1) വിശുദ്ധ നഗരം, 2) വിശുദ്ധ മന്ദിരം, 3) ആസ്വാദനത്തിനായുള്ള ഉത്സവങ്ങൾ, 4) സ്വസ്ഥതയുടെ ദിനമായ ശബ്ബത്ത്, 5) സന്ദർശിക്കുന്ന ദൂതന്മാർ, 6) ന്യായപ്രമാണം നൽകിയ മോശ, 7) പഴയനിയമത്തിലെ തിരുവെഴുത്തുകൾ

യെഹൂദമതത്തിലെ ഈ ഏഴു കാര്യങ്ങളോടൊപ്പം രോഗസൗഖ്യത്തിനുള്ള മാർഗ്ഗവും ഉണ്ടായിരുന്നു, കാരണം അവിടെ രോഗസൗഖ്യം നൽകുന്ന വെള്ളമുള്ള കുളം ഉണ്ടായിരുന്നു. മാതൃകാമതത്തോടൊപ്പം എപ്പോഴും രോഗസൗഖ്യത്തിനുള്ള മാർഗ്ഗവും ഉണ്ടെന്നുള്ളതാണ് ഈ ചിത്രത്തിന്റെ പ്രാധാന്യം. നിങ്ങൾക്ക് സൗഖ്യം നൽകുവാൻ കഴിയുന്ന എന്തോ ഒന്ന് ഉള്ള മാതൃകാമതമാണ് യെഹൂദമതം. മാതൃകാമതത്തിൽ രോഗസൗഖ്യത്തിനുള്ള മാർഗ്ഗവും ഉണ്ടെന്ന് യെരുശലേമിലെ കുളം സൂചിപ്പിക്കുന്നു.

എന്നാൽ ഒരു ആവശ്യകാര്യമുണ്ട്-നിങ്ങൾക്ക് നടക്കുവാനും പ്രവർത്തിക്കുവാനുമുള്ള ശക്തി ഉണ്ടായിരിക്കണം. മതത്തിന്റെ ഈ നന്മകൾ സ്വീകരിക്കുവാൻ നിങ്ങൾക്ക് ഒരവസരം ലഭിക്കുമ്പോഴെല്ലാം, നിങ്ങൾക്ക് ഒന്നാമനാകുവാനുള്ള ശക്തിയും നടക്കുവാനുള്ള കരുത്തും വേണം. നിങ്ങൾക്ക് രോഗസൗഖ്യം നൽകുവാൻ കഴിയുന്ന നല്ലതും വിശുദ്ധവുമായ കാര്യങ്ങളോടുകൂടിയതും എന്നാൽ നടക്കുവാനും പ്രവർത്തിക്കുവാനുമുള്ള നിങ്ങളുടെ ശക്തി ആവശ്യമായിരിക്കുന്നതുമായ ഒരു മാതൃകാമതത്തെ കാണിക്കുന്ന ഈ സംഭവം ഒരു അടയാളമാണ്. നിങ്ങൾ രണ്ടാമനായാൽപോലും ഈ നല്ല മതത്തിന്റെ പ്രയോജനങ്ങൾ നിങ്ങൾക്ക് ലഭിക്കുകയില്ല, കാരണം നിങ്ങൾ ഒന്നാമനല്ല.

### *2. ന്യായപ്രമാണപാലനത്തിന്റെ അനുഷ്ഠാനം*

ന്യായപ്രമാണപാലനത്തിന്റെ അനുഷ്ഠാനത്തിന്റെ ചില വശങ്ങളെക്കുറിച്ച് നമുക്ക് ഇനിയും ചിന്തിക്കാം. ന്യായപ്രമാണം പാലിക്കുന്ന മതത്തിന്റെ ആലയിലേക്കുള്ള(10:1) പ്രവേശന കവാടത്തെയാണ് ആട്ടിൻ വാതിൽ(5:2) സൂചിപ്പിക്കുന്നത്. കുളത്തിന്റെ പേരായ, ബഥെസ്ദാ എന്നതിന്റെ അർത്ഥം, കരുണാഭവനം എന്നാണ്; അത് ന്യായപ്രമാണം ആചരിക്കുന്ന ആളുകൾ തങ്ങൾക്ക് കരുണ ആവശ്യമാണെന്ന് തിരിച്ചറിയുന്നതിനെ സൂചിപ്പിക്കുന്നു; കാരണം അവർ റോമർ 7:7-24-ൽ ചിത്രീകരിച്ചിരിക്കുന്നതുപോലെ, ശക്തിഹീനരും ബലഹീനരും ദീനരും ആയിരുന്നു. മണ്ഡപങ്ങൾ, ആല എന്ന പോലെ, ന്യായപ്രമാണം ആചരിക്കുന്ന മതത്തിന്റെ അഭയസ്ഥാനത്തെ സൂചിപ്പിക്കുന്നു; അക്കം അഞ്ച് ഉത്തരവാദിത്വത്തെ സൂചിപ്പിക്കുന്നു. വെള്ളം ഇളക്കിയ ദൂതൻ, ജീവൻ നൽകുവാൻ കഴിയാത്ത ന്യായപ്രമാണം നൽകപ്പെടുവാൻ മുഖാന്തരമായ പ്രതിനിധിയെ സൂചിപ്പിക്കുന്നു(ഗലാ. 3:19, 21). ജനത്തെ സൗഖ്യമാക്കുന്നതിനുള്ള വെള്ളത്തിന്റെ ഇളക്കം ആളുകളെ തികഞ്ഞവരാക്കുന്നതിന് ശ്രമിക്കുന്ന ന്യായപ്രമാണത്തിന്റെ ആചരണത്തെ സൂചിപ്പിക്കുന്നു. ഈ വശങ്ങൾ പരിശോധിച്ചാൽ മാതൃകാമതത്തിലെ പ്രധാന കാര്യമായ ന്യായപ്രമാണപാലനത്തിന്റെ അവസ്ഥ നമുക്ക് കാണുവാൻ കഴിയും.

### *3. ന്യായപ്രമാണപാലനം അസാദ്ധ്യം*

ന്യായപ്രമാണം പാലിക്കുവാൻ മനുഷ്യന് അസാദ്ധ്യമാണ്. ആർക്കും അതിന് കഴിയുകയില്ല. ജനത്തിന് സ്വർഗ്ഗത്തിലേക്ക് നടന്നു കയറുവാൻ കഴിയാത്തതുപോലെ, ന്യായപ്രമാണം പാലിക്കുവാനും അവർക്ക് കഴിയുകയില്ല. ന്യായപ്രമാണം പാലിക്കുവാൻ അസാദ്ധ്യമാണെന്ന് റോമർ 8:3 പറയുന്നു, കാരണം ന്യായപ്രമാണം ജഡം നിമിത്തം ബലഹീനമാണ്. എല്ലാ ജഡവും ന്യായപ്രമാണം പാലിക്കുവാൻ അത്യന്തം ബലഹീനമാണ്. ശക്തിഹീനനായ മനുഷ്യന്റെ കാര്യത്തിൽ ഇത് വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു.

ശക്തിഹീനനായ മനുഷ്യൻ മുപ്പത്തെട്ട് വർഷമായി രോഗി ആയിരുന്നു. അവന് നീങ്ങുവാൻ കഴിവില്ലായിരുന്നു. വെള്ളത്തിന്റെ ഇളക്കം കണ്ടപ്പോൾ അവൻ പ്രതീക്ഷകൊണ്ട് നിറഞ്ഞിരുന്നു. എന്നാൽ തക്കസമയത്ത് അവിടെ എത്തുവാൻ അവന് കഴിവില്ലായിരുന്നു. അവൻ ശക്തിഹീനൻ, ചലിക്കുവാൻ കഴിയാത്തവൻ, ആയിരുന്നതുകൊണ്ട്, അവന് രോഗസൗഖ്യം പ്രാപിക്കുവാൻ കഴിഞ്ഞില്ല. അതുപോലെ, നമ്മുടെ ശക്തിഹീനതകൊണ്ട് നമുക്ക് ന്യായപ്രമാണം പാലിക്കുവാൻ കഴിയുകയില്ല. ന്യായപ്രമാണം നല്ലതും വിശുദ്ധവും ആത്മീയവുമാണ്. ന്യായപ്രമാണത്തെ സംബന്ധിച്ച് ഒരു പ്രശ്നവുമില്ല; പ്രശ്നം നമുക്കാണ്.

മനുഷ്യൻ രോഗി മാത്രമല്ല, മരിച്ചവനുമാണ്. കർത്താവിന്റെ കണ്ണുകളിൽ ശക്തിഹീനനായ മനുഷ്യൻ മരിച്ച ഒരു വ്യക്തിയായിരുന്നു എന്ന് 5:25-ൽ നിന്ന് നമുക്കറിയാം. മരിച്ച ഒരു വ്യക്തിക്ക് എങ്ങനെ നടക്കുവാൻ കഴിയും? അവന് നടക്കണമെങ്കിൽ അവൻ ആദ്യം ജീവൻ പ്രാപിക്കണം. മരിച്ച ഒരു വ്യക്തിയെ ജീവിപ്പിക്കുവാൻ നിങ്ങൾക്ക് കഴിയാത്തിടത്തോളം, അവന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ന്യായപ്രമാണത്തിന് ജീവൻ നൽകുവാൻ കഴിയുകയില്ലെന്ന് ഗലാത്യർ 3:21 പറയുന്നു. ന്യായപ്രമാണം ജനത്തോട് കർക്കശമായി ആവശ്യപ്പെടുക മാത്രമാണ് ചെയ്യുന്നത്; അത് അവർക്ക് ഒരിക്കലും ജീവൻ പകരുന്നില്ല. ജീവന്റെ കുറവുമൂലം ന്യായപ്രമാണം പാലിക്കുവാൻ മനുഷ്യൻ തികച്ചും കഴിവില്ലാത്തവനാണ്. നിങ്ങൾ ഇപ്പോഴും ന്യായപ്രമാണം പാലിക്കുവാൻ ശ്രമിക്കുന്ന മതാനുസാരി ആണെങ്കിൽ, ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കട്ടെ. നിങ്ങൾ മരിച്ചവനോ ജീവനുള്ളവനോ? നിങ്ങൾ മരിച്ചവനാണെന്ന് നിങ്ങൾ സമ്മതിക്കണം. നിങ്ങൾ മരിച്ച ഒരു വ്യക്തി ആയതുകൊണ്ട്, നിങ്ങൾക്ക് എങ്ങനെ ന്യായപ്രമാണം പാലിക്കുവാൻ കഴിയും? മരിച്ച ഒരു മനുഷ്യന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

ജഡത്തിന്റെ ബലഹീനത മൂലവും ജീവന്റെ കുറവ് മൂലവും മനുഷ്യന് ന്യായപ്രമാണം പാലിക്കുക അസാദ്ധ്യമാണ്. ദൂതനും വെള്ളവും വെള്ളത്തിന്റെ ഇളക്കവും ഉണ്ടെങ്കിലും രോഗസൗഖ്യം പ്രാപിക്കുവാനായി വെള്ളത്തിലേക്ക് ഇറങ്ങണം എന്ന ആവശ്യം നിറവേറ്റുവാൻ നിങ്ങൾക്ക് ഒരു മാർഗ്ഗവുമില്ല. ശക്തിഹീനരും മരിച്ചവരുമായ ജനത്തിന് ന്യായപ്രമാണം പാലിക്കുന്നത് അസാദ്ധ്യമെന്ന് നമ്മെ കാണിക്കുന്ന വ്യക്തമായ ഒരു ചിത്രമാണിത്. ന്യായപ്രമാണംകൊണ്ട് മനുഷ്യന് യാതൊരു പ്രത്യാശയുമില്ല. ന്യായപ്രമാണത്തെ സംബന്ധിച്ച് നാം നിസ്സഹായരും ആശയറ്റവരുമാണ്.

ഇന്ന് നമുക്ക് അതിലും മെച്ചമായ മതം-ഏറ്റവും നല്ല മതം- ഉണ്ട്. എന്നാൽ ഏറ്റവും നല്ല മതം, നിങ്ങൾ ചിലത് ചെയ്യുവാൻ ആവശ്യ

പ്പെടുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നുവോ? നിങ്ങൾക്ക് അതിന്റെ പ്രയോജനങ്ങൾ ലഭിക്കുവാൻ കഴിയുന്നതിനുമുമ്പ്, നിങ്ങൾ നടക്കുകയും പ്രവർത്തിക്കുകയും ഒന്നാമനാകുകയും വേണമെന്ന് അത് നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ മതത്തിന് നൽകുവാനുള്ളത് ലഭിക്കാതിരിക്കത്തക്കവണ്ണം നിങ്ങൾ ബലഹീനനാണെന്ന്, ഒരുപക്ഷേ, നിങ്ങൾ കണ്ടെത്തിയിട്ടുണ്ടാകും. ശക്തിഹീനനായ മനുഷ്യൻ ആയിരുന്ന ഇടത്താണ് നിങ്ങൾ-അഞ്ച് മണ്ഡപങ്ങൾക്ക് കീഴിൽ- എന്നാണ് ഇത് കാണിക്കുന്നത്. ന്യായപ്രമാണപാലനമെന്ന അഭയകേന്ദ്രത്തിൻ കീഴിലെ ശക്തിഹീനരായ മനുഷ്യരെപ്പോലെയാണ് നാം.

### *4. രോഗികളായ ജനം, മതത്തിന്റെ ആലയിൽ, ന്യായപ്രമാണപാലനമെന്ന അഭയകേന്ദ്രത്തിന്റെ കീഴിൽ*

രോഗികളായ ഒരു കൂട്ടം ആളുകൾ മണ്ഡപങ്ങളിൽ കിടന്നു. കാണുവാൻ കഴിയാത്ത കുരുടരും, നടക്കുവാൻ കഴിയാത്ത മുടന്തരും, ജീവന്റെ കുറവ് മൂലം വരണ്ടുപോയവരും ആയ അനേകർ, ന്യായപ്രമാണപാലനമാകുന്ന അഭയകേന്ദ്രത്തിൽ, മതത്തിന്റെ ആലയിൽ, ഉണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. അവർക്ക് ദുരിതമല്ലാതെ, സന്തോഷമോ സമാധാനമോ ഇല്ല. ശക്തിഹീനനായ മനുഷ്യന് ആനന്ദം നിറഞ്ഞ ഉത്സവദിനത്തിൽപോലും സന്തോഷമില്ലായിരുന്നു(5:1). ശബ്ബത്ത് ദിവസംപോലും അവന് സ്വസ്ഥതയുമില്ലായിരുന്നു(5:9). രോഗികളായ ജനം കർത്താവിന്റെ ദൃഷ്ടിയിൽ നിസ്സഹായരും ആശയറ്റവരും മരിച്ചവരും ആയിരുന്നു.

ന്യായപ്രമാണം പാലിക്കുന്ന മതത്തിൽ രോഗസൗഖ്യത്തിനുള്ള മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു, എന്നാൽ അത് തളർന്ന മനുഷ്യന് പ്രയോജനപ്പെട്ടില്ല, കാരണം അതിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ അവന് ബലമുണ്ടായിരുന്നില്ല. മതത്തിന്റെ ന്യായപ്രമാണപാലനം മനുഷ്യന്റെ പ്രയത്നത്തെയും മനുഷ്യന്റെ വേലയെയും മനുഷ്യന്റെ സ്വഭാവത്തെയും ആശ്രയിച്ചിരിക്കുന്നു. മനുഷ്യൻ ശക്തിഹീനനായതുകൊണ്ട്, മതത്തിന്റെ ന്യായപ്രമാണപാലനം അപര്യാപ്തമായിത്തീരുന്നു. വിശുദ്ധ നഗരം, വിശുദ്ധ മന്ദിരം, വിശുദ്ധ ഉത്സവം, വിശുദ്ധ ശബ്ബത്ത്, ദൂതന്മാർ, മോശ, തിരുവെഴുത്തുകൾ-ഇവയെല്ലാം ആ മതത്തിന്റെ നല്ല കാര്യങ്ങളായിരുന്നു. എന്നാൽ ഇവയ്ക്കൊന്നും ഈ തളർന്ന മനുഷ്യനുവേണ്ടി യാതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. കർത്താവിന്റെ ദൃഷ്ടിയിൽ അവൻ രോഗസൗഖ്യം മാത്രമല്ല സഞ്ജീവനവും ആവശ്യമുള്ള മരിച്ച ഒരു വ്യക്തിയായിരുന്നു. കർത്താവിന്റെ സഞ്ജീവനത്തിന് ആവശ്യകോപാധിയില്ല. നാം കാണുവാനിരിക്കുന്നതുപോലെ, തളർന്ന മനുഷ്യൻ അവന്റെ ശബ്ദം കേൾക്കുകയും ജീവൻ പ്രാപിക്കുകയും ചെയ്തു. യെഹൂദമതത്തിലെ ന്യായപ്രമാണപാലനത്തിന്റെ ആചരണം മനുഷ്യന്റെ ബലഹീനത നിമിത്തം അസാദ്ധ്യമാകുമ്പോൾ,

മരിച്ചവരെ ജീവിപ്പിക്കുവാൻ ദൈവപുത്രൻ വന്നു എന്നതാണ് ഈ അടയാളത്തിന്റെ അർത്ഥം. ന്യായപ്രമാണത്തിന് ജീവൻ നൽകുവാൻ കഴിഞ്ഞില്ല. എന്നാൽ ദൈവപുത്രൻ മരിച്ചവർക്ക് ജീവൻ നൽകുന്നു(5:21). "നാം ബലഹീനർ ആയിരുന്നപ്പോൾ തന്നെ"(റോമ.5:6), അവൻ നമ്മെ ജീവിപ്പിക്കുവാൻ വന്നു.

Wed

## B. പുത്രന്റെ ജീവദാനം മതിയായത്

ഈ സംഭവം, പ്രതിലോമവശത്ത്, ന്യായപ്രമാണം ആചരിക്കുന്ന മതത്തിന്റെ അപര്യാപ്തതയും വ്യർത്ഥതയും തുറന്നു കാണിക്കുന്നു എന്നു നാം കണ്ടു. ആ മതത്തിന് ധാരാളം നല്ല കാര്യങ്ങൾ-വിശുദ്ധ നഗരം, വിശുദ്ധ മന്ദിരം, ദൂതന്മാർ, തിരുവെഴുത്തുകൾ, വിശുദ്ധ ഉത്സവങ്ങൾ, വിശുദ്ധ ശബ്ബത്ത്, കുളം എന്നിവ- ഉണ്ടായിരുന്നു. എന്നാൽ ഈ നല്ല കാര്യങ്ങൾക്കൊന്നും മരിച്ച ആളുകളെ സഹായിക്കുവാൻ കഴിഞ്ഞില്ല; വിശുദ്ധ നഗരത്തിന് ശക്തിഹീനനായ മനുഷ്യനെ സഹായിക്കുവാൻ കഴിഞ്ഞില്ല. വിശുദ്ധ മന്ദിരത്തിനോ തിരുവെഴുത്തുകൾക്കോ ഉത്സവങ്ങൾക്കോപോലും കഴിഞ്ഞില്ല. അതൊരു ഉത്സവ ദിനം ആയിരുന്നുവെങ്കിലും അവന് സന്തോഷമില്ലായിരുന്നു; അത് ശബ്ബത്ത് ദിവസമായിരുന്നുവെങ്കിലും അവന് സ്വസ്ഥതയില്ലായിരുന്നു. ഒന്നിനും അവനെ സഹായിക്കുവാൻ കഴിഞ്ഞില്ല. അവൻ ആശയറ്റവനും നിസ്സഹായകനും ആയിരുന്നു. പെട്ടെന്ന്, ഒരു ചെറിയ മനുഷ്യൻ ഈ സാഹചര്യത്തിലേക്ക് കടന്നുവന്നു. അതൊരു പ്രധാന ദൂതൻ ആയിരുന്നില്ല, പിന്നെയോ യേശു എന്നു പേരായ ഒരു ചെറിയ മനുഷ്യനായിരുന്നു. അവന് സൗന്ദര്യമോ ആകർഷകത്വമോ ഇല്ലായിരുന്നു. ആരും അവനെ ശ്രദ്ധിച്ചതുമില്ല. അവൻ നേരേ രോഗിയായ മനുഷ്യന്റെ അടുത്തു ചെന്നു. പിതാവ് ശമര്യക്കാരി സ്ത്രീയെ കഴിഞ്ഞകാല നിത്യതയിൽ മുൻകാണുകയും, യാക്കോബിന്റെ കിണറ്റിനരികെ അവളെ കാണുവാൻ പുത്രൻ ചെല്ലുകയും ചെയ്തതുപോലെ, തളർന്ന മനുഷ്യനെയും പിതാവ് മുൻകൂട്ടി കാണുകയും കുളക്കരയിൽ കിടക്കുമ്പോൾ അവന്റെ അടുക്കൽ പുത്രൻ ചെല്ലുകയും ചെയ്തു. "നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?"എന്ന് അവൻ അവനോട് ചോദിച്ചു."നിനക്ക് രോഗസൗഖ്യം പ്രാപിക്കണമോ?'എന്നായിരുന്നു അതിനർത്ഥം. കുളത്തിനും വെള്ളത്തിനും വെള്ളം കലക്കുന്ന ദൂതനും അപ്പുറം തളർന്ന മനുഷ്യന് ഒന്നും അറിയില്ലായിരുന്നു. അവനിൽ തന്നെ അവന് പ്രതീക്ഷയോ ശേഷിയോ ഇല്ലെന്നും അവനറിയാമായിരുന്നു. അതുകൊണ്ട് അവൻ കർത്താവായ യേശുവിനോട് സാഹചര്യം വിശദീകരിച്ചു. അപ്പോൾ കർത്താവായ യേശു, "എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്കുക"എന്ന് പറഞ്ഞു. ശക്തിഹീനനായ മനുഷ്യൻ ജീവനുള്ള, ജീവൻനൽകുന്ന കർത്താവിന്റെ, ജീവിപ്പിക്കുന്ന വചനം കേൾക്കുകയും രോഗസൗഖ്യം പ്രാപിക്കുകയും ചെയ്തു.

സുഖപ്പെടുന്നതിനു മുമ്പ് അവൻ എഴുന്നേൽക്കുകയും നടക്കുകയും ചെയ്തു എന്ന് നാം കരുതിയേക്കാം. എന്നാൽ അത് സത്യമല്ല. അവൻ എഴുന്നേറ്റ് തന്റെ കിടക്ക എടുത്ത് നടന്നതിനു മുമ്പ്, അവൻ സൗഖ്യം പ്രാപിച്ചു. 9-ാം വാക്യത്തിലെ ക്രമം ശ്രദ്ധിക്കുക."ഉടനെ ആ മനുഷ്യൻ സൗഖ്യമായി, തന്റെ കിടക്ക എടുത്തു നടന്നു." "ഉടനെ ആ മനുഷ്യൻ സൗഖ്യമായി"എന്നതിനുശേഷമാണ്"തന്റെ കിടക്ക എടുത്തു നടന്നു"എന്നുള്ളത്. അവൻ എഴുന്നേൽക്കുന്നതിനു മുമ്പുതന്നെ അവൻ സൗഖ്യം പ്രാപിച്ചു. ജീവനുള്ള ദൈവപുത്രന്റെ ശബ്ദം കേട്ടപ്പോൾ, അവൻ സൗഖ്യം പ്രാപിച്ചു. കർത്താവിന്റെ ജീവനുള്ള വചനത്തിന്റെ കേൾവിയാണ് അവനെ ജീവിപ്പിച്ചത്. മുമ്പ് കിടക്ക തളർന്ന മനുഷ്യനെ വഹിച്ചു, എന്നാൽ ഇപ്പോൾ ജീവൻ പ്രാപിച്ച മനുഷ്യൻ കിടക്ക വഹിച്ചു.

ആ ശക്തിഹീനനായ മനുഷ്യൻ ഞാൻ ആയിരുന്നുവെങ്കിൽ ഞാൻ ഏതാണ്ട് ഇങ്ങനെ പറയുമായിരുന്നു,"ഗുരോ, എനിക്കത് ചെയ്യുവാൻ കഴിവില്ല. മുപ്പത്തെട്ട് വർഷമായി ഞാൻ ഈ കിടക്കയെ ആശ്രയിക്കുന്നു. ഇക്കാലമെല്ലാം കിടക്ക എന്നെ വഹിക്കുകയായിരുന്നു. ഇത് എടുക്കുവാൻ നിനക്ക് എങ്ങനെ എന്നോട് പറയുവാൻ കഴിയും? നീ പറയുന്നത് ചെയ്യുവാൻ എനിക്ക് കഴിയുകയില്ല." നാമൊരിക്കലും കർത്താവിന്റെ വാക്കിനോട് വാദിക്കരുത്. അവൻ പറയുന്നതെന്തിനും നാം "ആമേൻ" എന്നുമാത്രം പറയുകയും അതിൻപ്രകാരം പ്രവർത്തിക്കുകയും ചെയ്യണം. വാദിക്കുകയോ തർക്കിക്കുകയോ ചെയ്യരുത്. തർക്കിച്ചാൽ നിങ്ങൾക്ക് അവന്റെ അനുഗ്രഹം നഷ്ടപ്പെടും. തളർന്ന മനുഷ്യൻ എഴുന്നേൽക്കുക മാത്രമല്ല, തന്റെ കിടക്ക എടുത്ത് നടക്കുകയും ചെയ്തു എന്നത് എത്ര നല്ലതാണ്. അവൻ സൗഖ്യമാവുക മാത്രമല്ല, ജീവിപ്പിക്കപ്പെടുകയും ചെയ്തു. 24-ഉം 25-ഉം വാക്യങ്ങൾ പ്രകാരം, ഇത് അവന് ഒരു മരിച്ച മനുഷ്യൻ മരണത്തിൽനിന്ന് ജീവനിലേക്ക് കടന്നു ജീവിക്കുന്നതു പോലെയാണ്. രണ്ടാം അദ്ധ്യായത്തിൽ സ്ഥാപിച്ച തത്ത്വമനുസരിച്ച് ഇത് മരണത്തെ ജീവനായി മാറ്റുകയാണ്.

നമുക്ക് മതത്തിന്റെ വെള്ളമുള്ള കുളം ആവശ്യമില്ല; നമുക്ക് ദൂതനും ആവശ്യമില്ല. യേശുവുമായി താരതമ്യപ്പെടുത്തുമ്പോൾ, മതത്തിന്റെ കുളവും ദൂതനും തീർച്ചയായും നിരർത്ഥകമാണ്. നമുക്ക് യേശു ഉള്ളപ്പോൾ, നമുക്ക് മറ്റൊന്നും ആവശ്യമില്ല. വിശുദ്ധ നഗരത്തെയും വിശുദ്ധ മന്ദിരത്തെയും വിശുദ്ധ ദൂതനെയുംകൊണ്ട് എന്ത് പ്രയോജനം? ഉത്സവങ്ങളോ, ശബ്ബത്തുകളോ, നമുക്ക് യാതൊന്നുമല്ല. അവ നമുക്ക് ഒരു നന്മയും ചെയ്യുന്നില്ല. ജീവിപ്പിക്കുന്നവൻ യേശുവാണ്. എല്ലാവരും ഇത് കാണണം. ഇതാണ് ജീവന്റെ സഞ്ജീവനം. ഇതാണ് ഈ സംഭവത്തിന്റെ അനുലോമവശത്തെ കേന്ദ്രചിന്ത.

## II. ജീവനോടുള്ള മതത്തിന്റെ എതിർപ്പ്

### A. ജീവന്റെ സഞ്ജീവനം മതാചാരത്തെ ലംഘിക്കുന്നു

യോഹന്നാൻ 5:10-16-ൽ ജീവനോടുള്ള മതത്തിന്റെ എതിർപ്പ് നാം കാണുന്നു. "യെഹൂദന്മാർ സൗഖ്യം പ്രാപിച്ചവനോട്, ഇന്നു ശബ്ബത്ത് ആകുന്നു; കിടക്ക എടുക്കുന്നത് വിഹിതമല്ല എന്നു പറഞ്ഞു"(5:10). ജീവന്റെ സഞ്ജീവനം മതാചാരത്തെ ലംഘിക്കുന്നു. ജീവൻ മതത്തെ ചൊടിപ്പിക്കുകയും ജീവനോടുള്ള അതിന്റെ എതിർപ്പ് ഈ ഘട്ടം മുതൽ ആരംഭിക്കുകയും ചെയ്യുന്നു. ശബ്ബത്ത് മനുഷ്യനുവേണ്ടിയാണ് (മർക്കൊ.2:27); അത് മനുഷ്യന് ഒരു സ്വസ്ഥത ആയിരിക്കണം. മതത്തിന്റെ ന്യായപ്രമാണപാലനം മുപ്പത്തെട്ട് വർഷമായി രോഗിയായിരുന്ന മനുഷ്യന് സ്വസ്ഥത നൽകിയില്ല. എന്നാൽ ജീവന്റെ സഞ്ജീവനം അത് ഒരു നിമിഷംകൊണ്ട് ചെയ്തു. എന്നാലും, മതാനുസാരികൾ ശബ്ബത്താചാരം എന്ന ചടങ്ങുമാത്രം ഗൗനിച്ചു. അവർക്ക് രോഗിയായ മനുഷ്യന്റെ സ്വസ്ഥതയെ സംബന്ധിച്ച് യാതൊരു വിചാരവും ഇല്ലായിരുന്നു. എന്തൊരു ജീവനാണ് നമുക്കുള്ളത്! നമുക്ക് മതപരമായ കാര്യങ്ങളൊന്നും ആവശ്യമില്ല. നമുക്ക് യേശു ഉള്ളിടത്തോളം മതപരമായ കാര്യങ്ങൾ നിരർത്ഥകമാണ്. യേശു ഉള്ളിടത്തോളം നമുക്ക് ജീവനുണ്ട്. മതം അതിന്റെ എല്ലാ കാര്യങ്ങളോടുംകൂടെ പോകട്ടെ. നമുക്ക് ജീവൻ നൽകുവാൻ അവയ്ക്കൊന്നും കഴിയുകയില്ല, എന്നാൽ യേശുവിന് കഴിയും. യേശു നമ്മെ ജീവിപ്പിക്കുന്നു. യേശു നമുക്ക് ജീവൻ നൽകുന്നു. ജീവൻ നമുക്ക് സ്വസ്ഥത നൽകുന്നു. ജീവൻ നമുക്ക് വെളിച്ചവും നമുക്കാവശ്യമുള്ള സർവ്വവും നൽകുന്നു. കർത്താവിന് സ്തോത്രം!

ഈ സംഭവത്തിന്റെ യഥാർത്ഥ അർത്ഥം മതവും ക്രിസ്തുവും തമ്മിലുള്ള അന്തരം എന്നതാണ്; അതാണ് മതത്തിന്റെ ന്യായപ്രമാണപാലനവും ക്രിസ്തുവിന്റെ സഞ്ജീവനവും തമ്മിലുള്ള അന്തരം. മതത്തിന്റെ ന്യായപ്രമാണാചരണം നല്ലതാണ്; എന്നാൽ നാം ബലഹീനരാണ്. മതത്തിന്റെ ന്യായപ്രമാണാചരണം പ്രയോജനമുള്ളതായിരിക്കാം, എന്നാൽ അതിന്റെ നിബന്ധനകൾ നിർവ്വഹിക്കുവാൻ നമുക്ക് കഴിയുകയില്ല. ക്രിസ്തുവിനെ സംബന്ധിച്ച് ഒരു നിബന്ധനയുമില്ല; കാരണം അവൻ നമ്മിലേക്ക് വരുമ്പോൾ നമുക്ക് അവന്റെ ശബ്ദം കേൾക്കുവാൻ കഴിയത്തക്കവിധം തന്റെ ജീവനുള്ള വചനം അവൻ സംസാരിക്കുന്നു. ഏതെങ്കിലും നിബന്ധനയുണ്ടെങ്കിൽ, അത് അവന്റെ ജീവനുള്ള വചനം കേൾക്കുക എന്നതു മാത്രമാണ്. അവന്റെ ശബ്ദം കേൾക്കുമ്പോൾ, നാം മരണത്തിൽനിന്ന് ജീവനിലേക്ക് കടക്കുന്നു. മതം ആവശ്യപ്പെടുന്നു, എന്നാൽ ക്രിസ്തുവിന്റെ വചനം ഉയിർപ്പിക്കുന്നു എന്നതാണ് ഈ സംഭവത്തിലുള്ള വൈരുദ്ധ്യം.

### B. മതം ജീവനെ കെടുത്തുവാൻ ശ്രമിക്കുന്നു

ന്യായപ്രമാണം ആചരിക്കുന്ന മതത്തിന് ശക്തിഹീനനായ ആ മനുഷ്യന് ജീവൻ കൊടുക്കുവാൻ കഴിഞ്ഞില്ല. ക്രിസ്തു ഈ മനുഷ്യനെ ജീവനാൽ ജീവിപ്പിച്ചപ്പോൾ, അവൻ അത് ശബ്ബത്തിൽ ചെയ്തതുനിമിത്തം ജീവനെ കെടുത്തുവാൻ ശ്രമിച്ചുകൊണ്ട് മതം അവനെ പീഡിപ്പിച്ചു(5:6). ശക്തിഹീനനായ മനുഷ്യന്റെ സ്വസ്ഥത ബലികൊടുത്തുകൊണ്ട് ശബ്ബത്തിനെ പാലിക്കുവാൻ മതം താല്പര്യപ്പെട്ടു. എന്നാൽ അവരുടെ ശബ്ബത്താചരണത്തെ ബലികൊടുത്തുകൊണ്ട്, ആ മനുഷ്യന്റെ സ്വസ്ഥതയെ ക്രിസ്തു ഗൗനിച്ചു. ഇത് തീർച്ചയായും ആ മതത്തെ ചൊടിപ്പിച്ചു. തത്ത്വത്തിൽ, ഇന്നത്തെ മതത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്. ജനത്തിന്റെ ജീവകാര്യങ്ങൾ ബലികൊടുത്തുകൊണ്ട് മതാനുസാരികൾ ഇപ്പോഴും അവരുടെ മതാനുഷ്ഠാനങ്ങൾ ശ്രദ്ധിക്കുന്നു. മതാനുഷ്ഠാനങ്ങളെല്ലാം ബലികൊടുത്ത്, എന്തു വില കൊടുത്തും ജനത്തിന്റെ ജീവകാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് കർത്താവ് ഇപ്പോഴും അങ്ങനെതന്നെയാണ്. അതുകൊണ്ടാണ്, ക്രിസ്തുവിനാൽ ജീവിപ്പിക്കപ്പെട്ട നമ്മെ, തങ്ങളുടെ മതാനുഷ്ഠാനങ്ങൾ മുറുകെപിടിക്കുന്ന ആളുകൾ, എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നത്.

## III. ജീവൻ നൽകുന്നതിലും ന്യായവിധി നടത്തുന്നതിലും പുത്രൻ പിതാവിന് തുല്യൻ

### A. പുത്രൻ പിതാവിന് തുല്യനായി

മതാനുസാരികളായ യെഹൂദന്മാർ, അവരുടെ ശബ്ബത്ത് ദിനത്തിൽ ശക്തിഹീനനായ മനുഷ്യനെ ജീവിപ്പിക്കുവാൻ യേശു പ്രവർത്തിച്ചതുകൊണ്ട് അവനെ പീഡിപ്പിച്ചു."എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു,"എന്ന് കർത്താവ് അവരോട് മറുപടി പറഞ്ഞു(5:17). അവരുടെ മതപരമായ ധാരണയിൽ, തങ്ങളുടെ ശബ്ബത്താചാരണത്തിൽ അവർ സ്വസ്ഥത അനുഭവിക്കുകയായിരുന്നു. എന്നാൽ, സാധുക്കളായ പാപികൾ രക്ഷിക്കപ്പെടാത്തിടത്തോളം, പിതാവിനും പുത്രനും സ്വസ്ഥതയില്ലായിരുന്നുവെന്ന് അവർ അറിഞ്ഞില്ല. തങ്ങളുടെ ശബ്ബത്ത് ആചരിച്ചുകൊണ്ട് അവർ സ്വസ്ഥതയിൽ ആയിരുന്നപ്പോഴും, പാപികൾ ജീവൻ പ്രാപിച്ച് സ്വസ്ഥത ലഭിക്കുവാൻ പിതാവും പുത്രനും പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇത് മതഭക്തരായ യെഹൂദന്മാരെ ചൊടിപ്പിക്കുക മാത്രമല്ല, യേശു ദൈവത്തെ നിന്ദിക്കുന്നു എന്ന് കരുതുവാൻ ഇടയാക്കുകയും ചെയ്തു. കാരണം, അവരുടെ ധാരണയിൽ, അവൻ "ശബ്ബത്തിനെ ലംഘിച്ചുവെന്നു മാത്രമല്ല, ദൈവം സ്വന്തപിതാവ് എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോടു സമനാക്കുകയും

ചെയ്തു"(5:18). അവരുടെ ധാരണപ്രകാരം അതൊരു ദൈവനിന്ദനം ആയിരുന്നു. എന്നിരുന്നാലും, ഈ "ദൈവനിന്ദകൻ" ആയിരുന്നു, ശക്തിഹീനനായ മനുഷ്യനെ ജീവിപ്പിച്ചത്. അവൻ ആ മനുഷ്യനെ ജീവിപ്പിച്ചത്, ജനത്തിന് ജീവനെ കൊടുക്കുന്നതിനാൽ അവൻ പിതാവായ ദൈവത്തിന് തുല്യനാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

### B. വീണ്ടെടുപ്പിനും കെട്ടുപണിക്കും വേണ്ടി പിതാവും പുത്രനും പ്രവർത്തിക്കുന്നു

സൃഷ്ടിയിലുള്ള ദൈവത്തിന്റെ പ്രവൃത്തി പൂർത്തിയായെങ്കിലും (ഉല്പ.2:1-3) വീണ്ടെടുപ്പിനും കെട്ടുപണിക്കുമായി പിതാവും പുത്രനും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു(യോഹ.5:17,19-20). മതഭക്തരായ യെഹൂദന്മാർ സൃഷ്ടിയുടെ ശബ്ബത്ത് ആചരിച്ചു. മനുഷ്യന്റെ വീഴ്ച കാരണം ആ ശബ്ബത്തിന്റെ സ്വസ്ഥത തകർന്നുവെന്ന് അവർ അറിഞ്ഞില്ല. ദൈവത്തിന്റെ നിത്യനിവാസത്തിന്റെ കെട്ടുപണിയായ അവന്റെ ആദിയിലുള്ള നിർണയം നിറവേറ്റുവാനായി, വീണുപോയ മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടി, പിതാവും പുത്രനും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും അവർ അറിഞ്ഞില്ല. ദൈവം പൂർത്തീകരിച്ചത് പഴയ സൃഷ്ടി ആയിരുന്നു. ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി, വീണ്ടെടുപ്പിലൂടെയുള്ള പുതിയ സൃഷ്ടിയാണ് പിതാവും പുത്രനും ചെയ്തുകൊണ്ടിരിക്കുന്നത്. ആ പ്രവൃത്തിയിൽ, ഈ സംഭവത്തിൽ വെളിപ്പെട്ടിരിക്കുന്ന പുത്രന്റെ ജീവൻനൽകലും ഉൾപ്പെടുന്നു. ഈ കാര്യത്തിൽ പിതാവും പുത്രനും ഒന്നാണ്. ജീവൻ നൽകുന്നതിന്റെ കാര്യത്തിൽ പിതാവ് ആഗ്രഹിക്കുന്നതെല്ലാം, പുത്രൻ അപ്രകാരം ചെയ്യുന്നു.

### C. ദൈവപുത്രൻ മരിച്ചവർക്ക് ജീവൻ നൽകുന്നു

പുത്രൻ മരിച്ചവർക്ക് ജീവൻ നൽകുന്നു."പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു"എന്ന് 21-ാം വാക്യം പറയുന്നു. പുത്രന്റെ വചനം കേൾക്കുകയും അവനെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് നിത്യജീവനുണ്ടെന്നും, അവർ മരണത്തിൽനിന്നു ജീവനിലേക്ക് കടന്നിരിക്കുന്നു എന്നും, 24-ാം വാക്യത്തിൽ നാം കാണുന്നു."ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു"എന്ന് 25-ാം വാക്യം പറയുന്നു. ഈ വാക്യത്തിൽ പരാമർശിച്ചിരിക്കുന്ന മരിച്ച വ്യക്തികൾ തങ്ങളുടെ കല്ലറകളിൽ അടക്കപ്പെട്ടവരല്ല, പിന്നെയോ മരിച്ചവരായ ജീവിക്കുന്ന മനുഷ്യരാണ്. അവർ ശാരീരികമായി മരിച്ചവരല്ല, എന്നാൽ എഫെസ്യർ 2:1-5-ഉം കൊലൊസ്യർ 2:13-ഉം അനുസരിച്ച് അവർ തങ്ങളുടെ ആത്മാവിൽ മരിച്ചവരാണ്. കർത്താവിന്റെ ദൃഷ്ടിയിൽ ഭൂമിയിൽ ജീവിക്കുന്ന എല്ലാവരും തങ്ങളുടെ

ആത്മാവിൽ മരിച്ചവരാണ്."നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു"എന്ന ശൈലി, കർത്താവ് ഈ വാക്കുകൾ സംസാരിച്ച അതേ സമയത്തെ സൂചിപ്പിക്കുന്നു. ആ സമയത്ത് അനേകർ അവന്റെ ജീവനുള്ള വാക്കുകൾ കേൾക്കുകയും തത്ഫലമായി ജീവിപ്പിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട്, ഈ വാക്യത്തിലെ"ജീവിക്കുകയും"എന്നതിന്റെ അർത്ഥം തങ്ങളുടെ ആത്മാവിൽ ജീവനുള്ളവർ ആയിരിക്കുക എന്നാണ്. അത് 28-ഉം 29-ഉം വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്ന ഭൗതികശരീരത്തിന്റെ ഉയിർപ്പ് അല്ല. കർത്താവ് ഈ വാക്കുകൾ പറഞ്ഞതു മുതൽ ഇപ്പോൾ വരെ, ഇരുപത് നൂറ്റാണ്ടുകളായി ആയിരക്കണക്കിന് ആളുകൾ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും ജീവനാൽ ജീവിപ്പിക്കപ്പെടുകയും ചെയ്തതിട്ടുണ്ട്. നാമും കർത്താവിന്റെ ജീവനുള്ള വചനം കേൾക്കുകയും തത്ഫലമായി ജീവിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. നാമും, അഞ്ചു മണ്ഡപങ്ങൾക്ക് കീഴെയുള്ള തളർന്ന മനുഷ്യരായിരുന്നു, കാരണം നാം കുരുടരും മുടന്തരും വരണ്ടവരും ആയിരുന്നു. ചുരുക്കത്തിൽ, നാം മരിച്ചവരായിരുന്നു. പിന്നീട് കർത്താവ് നമ്മെ സന്ദർശിക്കുകയും നാം സുവിശേഷത്തിന്റെ ജീവനുള്ള വചനം കേൾക്കുകയും, അത് നമ്മെ ജീവനുള്ളവരാക്കുകയും ജീവിപ്പിക്കുകയും ചെയ്തു. നാം വാസ്തവത്തിൽ മരണത്തിൽനിന്ന് പുറത്തുകടന്ന് ജീവനിലേക്ക് പ്രവേശിച്ചിരിക്കുന്നു.

ജീവന്റെ കാര്യത്തിൽ പുത്രൻ പിതാവിനെപ്പോലെ തന്നെയാണ്. "പിതാവിന് തന്നിൽതന്നെ ജീവനുള്ളതുപോലെ, അവൻ പുത്രനും തന്നിൽതന്നെ ജീവനുള്ളവൻ ആകുമാറു വരം നൽകിയിരിക്കുന്നു" (5:26). പിതാവിനും പുത്രനും തങ്ങളിൽതന്നെ ജീവനുണ്ട്. അതുകൊണ്ട്, പിതാവ് ഇച്ഛിക്കുംപോലെ ജീവനാൽ ആളുകളെ ജീവിപ്പിക്കുവാൻ പുത്രന് കഴിയുന്നു; അവൻ അത് ചെയ്യുകയും ചെയ്യുന്നു. ജീവന്റെ സഞ്ജീവനത്തിൽ പുത്രൻ സത്യമായും പിതാവുമായി ഒന്നാണ്.

## D. മനുഷ്യപുത്രൻ അവിശ്വാസികളായവരുടെമേൽ ന്യായവിധി നടത്തുന്നു

അവിശ്വാസികളായ എല്ലാവരുടെയുംമേൽ മനുഷ്യപുത്രൻ ന്യായവിധി നടത്തും(5:22-23,27,30). ദൈവപുത്രൻ(5:25) എന്ന നിലയിൽ ജീവൻ നൽകുവാനും(5:21), മനുഷ്യപുത്രൻ എന്ന നിലയിൽ ന്യായവിധി നടത്തുവാനും(5:27), കർത്താവിന് കഴിയും. അവൻ ഒരു മനുഷ്യനായതുകൊണ്ട് മനുഷ്യനെ വിധിക്കുവാൻ അവന് പൂർണ്ണ യോഗ്യതയുണ്ട്."താൻ നിയമിച്ച മനുഷ്യൻ[യേശു]മുഖാന്തരം"ദൈവം ലോകത്തെ ന്യായം വിധിക്കുമെന്ന് പ്രവൃത്തികൾ 17:31 പറയുന്നു. "ദൈവം യേശു ക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ ന്യായം വിധിക്കും"എന്ന് റോമർ 2:16 പറയുന്നു. "യേശുക്രിസ്തു ജീവനു

ള്ളവരെയും മരിച്ചവരെയും ന്യായം വിധിക്കും"എന്ന് 2 തിമൊഥെയൊസ് 4:1 പറയുന്നു. "അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ(ദൈവം) അവന് അധികാരം നൽകിയിരിക്കുന്നു"(5:27). "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്"(5:22-23) പിതാവ് ന്യായവിധി എല്ലാം പുത്രന് നൽകിയിരിക്കുന്നു. പിതാവിന്റെ ഇഷ്ടപ്രകാരം പുത്രൻ നീതിപൂർവ്വം ന്യായം വിധിക്കും. ജീവന്റെ സഞ്ജീവനത്തിന്റെ കാര്യത്തിൽ അവൻ പിതാവുമായി ഒന്നാണ്. ന്യായവിധിയുടെ കാര്യത്തിലും അവൻ പിതാവുമായി ഒന്നാണ്.

## E. രണ്ടു തരത്തിലുള്ള പുനരുത്ഥാനം

നമുക്ക് 28-ഉം 29-ഉം വാക്യങ്ങൾ വായിക്കാം. "ഇതിൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു." ശാരീരികമായി മരിച്ച് കല്ലറകളിൽ അടക്കപ്പെട്ട ആളുകളെല്ലാം പുനരുത്ഥാനം ചെയ്യും. ഈ രണ്ടു വാക്യങ്ങളും, 25-ാം വാക്യവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. 25-ാം വാക്യത്തിൽ മരിച്ചവർ അവന്റെ ശബ്ദം കേൾക്കും, എന്നാൽ 28-ാം വാക്യത്തിൽ കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേൾക്കും. കല്ലറകളിൽ ഉള്ളവർ മരിച്ചവരിൽനിന്ന് വ്യത്യസ്തരാണ്. ഭൂമിയിൽ ജീവിക്കുന്ന മരിച്ചവരെയാണ് 25-ാം വാക്യം പരാമർശിക്കുന്നത്; ഭൂമിയിൽ അടക്കപ്പെട്ട മരിച്ചവരെയാണ് 28-ാം വാക്യം പരാമർശിക്കുന്നത്. തങ്ങളുടെ കല്ലറകളിൽ അടക്കപ്പെട്ടിരിക്കുന്നവർ കർത്താവിന്റെ രണ്ടാമത്തെ വരവിൽ പുനരുത്ഥാനം ചെയ്യും.

നാം 25-ാം വാക്യത്തിൽ കണ്ട ആത്മാവിലുള്ള ഉയിർപ്പിനു പുറമേ, രണ്ടു തരത്തിലുള്ള ഭൗതിക ഉയിർപ്പുകളെ 29-ാം വാക്യം വേർതിരിച്ചുകാണിക്കുന്നു. നമ്മുടെ ആത്മാവിലുള്ള ഉയിർപ്പ് എന്നാൽ നമ്മുടെ ആത്മാവ് ജീവിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണർത്ഥം. ഇത് നമ്മുടെ ആത്മാവിലുള്ള വീണ്ടുംജനനവും ആണ്. നമ്മുടെ ആത്മാവിലുള്ള വീണ്ടുംജനനം, കർത്താവായ യേശു തന്നെയായ ദിവ്യജീവനാൽ താൻ നടത്തിയ ഉയിർപ്പാണ്. ഇതിനു പുറമേ, രണ്ടുതരത്തിലുള്ള ഭൗതിക ഉയിർപ്പുണ്ട്. "ജീവന്റെ പുനരുത്ഥാനം" സഹസ്രാബ്ദത്തിന് (ആയിരം ആണ്ട്, വെളി.20:4,6; 1 കൊരി.15:23,52; 1 തെസ്സ.4:16) മുമ്പ് രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ഉയിർപ്പാണ്. കർത്താവായ യേശുവിന്റെ മടങ്ങിവരവിൽ, മരിച്ചുപോയ വിശ്വാസികൾ നിത്യജീവൻ ആസ്വദിക്കുന്നതിനായി ഉയിർത്തെഴുന്നേൽക്കും. അതുകൊണ്ട്, ഇതിനെ ജീവന്റെ ഉയിർപ്പ് എന്നു വിളിക്കുന്നു. കർത്താവായ യേശു മടങ്ങിവരുമ്പോൾ, മരണമടഞ്ഞ അവന്റെ വിശ്വാസികൾ ഉയിർത്തെഴുന്നേൽക്കുകയും ജീവനുള്ള വിശ്വാസികളോടൊപ്പം മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും(1 തെസ്സ.4:17). പിന്നെ ജയാളികളായ വിശ്വാസി

കൾ കർത്താവായ യേശുവിനോടൊപ്പം ആയിരം ആണ്ടു രാജാക്കന്മാരായി വാഴും. ആയിരം ആണ്ടിനു ശേഷമുള്ള അവിശ്വാസികളുടെ ഉയിർപ്പിനെയാണ് "ന്യായവിധിയുടെ ഉയിർപ്പ്"എന്ന് സൂചിപ്പിക്കുന്നത് (വെളി.20:5,12). ആയിരം ആണ്ടിനുശേഷം മരിച്ചുപോയ അവിശ്വാസികളെല്ലാം വെള്ള സിംഹാസനത്തിങ്കലുള്ള ന്യായവിധിക്കായി ഉയിർത്തെഴുന്നേൽക്കും(വെളി.20:11-15). അതുകൊണ്ട്, ഇത് ന്യായവിധിയുടെ ഉയിർപ്പ് എന്ന് വിളിക്കപ്പെടുന്നു. വിശ്വാസികളായ നാം ജീവന്റെ ഉയിർപ്പ് ആസ്വദിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യും. എന്നാൽ അവിശ്വാസികൾ ന്യായവിധിക്കായുള്ള ഉയിർപ്പിൽ, നിത്യനാശം എന്ന ന്യായവിധി അനുഭവിക്കും.

## IV. പുത്രനെ സംബന്ധിച്ച നാലുവിധത്തിലുള്ള സാക്ഷ്യം

5:31-47-ൽ നാം പുത്രനെ സംബന്ധിച്ച നാലുവിധത്തിലുള്ള സാക്ഷ്യം കാണുന്നു: സ്നാപകയോഹന്നാന്റെ സാക്ഷ്യം(വാ.32-35); പുത്രന്റെ പ്രവൃത്തിയുടെ സാക്ഷ്യം(വാ.36); പിതാവിന്റെ സാക്ഷ്യം (വാ.37-38); തിരുവെഴുത്തുകളുടെ സാക്ഷ്യം(വാ.39-47). ഈ നാലു സാക്ഷ്യങ്ങളും ഉണ്ടായിരിക്കുവാനും എന്നാൽ ക്രിസ്തുതന്നെ ഇല്ലാതിരിക്കുവാനും സാദ്ധ്യതയുണ്ട്. അല്പ സമയത്തേക്ക് യോഹന്നാൻ സ്നാപകനിൽ യെഹൂദന്മാർ വളരെ ഉല്ലസിച്ചു, എന്നാൽ അവൻ ക്രിസ്തുവിന്റെ സാക്ഷി മാത്രമായിരുന്നു എന്നവർ മനസ്സിലാക്കിയില്ല. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം അവരെ ക്രിസ്തുവിലേക്ക് നയിക്കുന്നതിനായിരുന്നു. യെഹൂദന്മാർ ക്രിസ്തുവിന്റെ പ്രവൃത്തികളും കണ്ടു; എന്നിരുന്നാലും അവർ അവന്റെ അടുക്കൽ വന്നില്ല. അവന്റെ അടയാളങ്ങളും അത്ഭുതപ്രവൃത്തികളും അത്ഭുതകാര്യങ്ങളും കണ്ടുവെങ്കിലും അവർ കർത്താവ് ആരായിരുന്നു എന്ന് തിരിച്ചറിയുകയോ അവന്റെ അടുക്കൽ ചെല്ലുകയോ ചെയ്തില്ല. പിതാവ്, പുത്രനെ സാക്ഷ്യപ്പെടുത്തി, എന്നാൽ അവൻ അയച്ച പുത്രനെ അവർ വിശ്വസിക്കായ്കയാൽ, അവന്റെ വചനം അവരുടെ ഉള്ളിൽ വസിച്ചില്ല. അവനെ സാക്ഷ്യപ്പെടുത്തിയ തിരുവെഴുത്തുകൾപോലും അവർ ശോധന ചെയ്തു. എന്നാലും അവർക്ക് നിത്യജീവൻ പ്രാപിക്കുവാനായി അവന്റെ അടുക്കൽ അവർ ചെന്നില്ല.

"തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു"എന്നത് "എന്റെ അടുക്കൽ വരുന്നു"എന്നതിൽനിന്ന് വേർതിരിക്കാം. യെഹൂദമതാനുസാരികൾ തിരുവെഴുത്തുകൾ ശോധന ചെയ്തു, എന്നാൽ കർത്താവിന്റെ അടുക്കൽ വരുവാൻ അവർ മനസ്സുവച്ചില്ല. ഇവ രണ്ടും ഒരുമിച്ചു നിർത്തണം. തിരുവെഴുത്തുകൾ ക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നതുകൊണ്ട്, അവനിൽനിന്ന് അവയെ വേർതിരിക്കരുത്. നമുക്ക് കർത്താവിനെ സ്പർശിക്കാതെതന്നെ തിരുവെഴുത്തുകളെ

സ്പർശിക്കാം. കർത്താവിനു മാത്രമേ ജീവൻ നൽകുവാൻ കഴിയൂ. നാം ഒരിക്കലും കർത്താവിൽനിന്നു തിരുവെഴുത്തുകളെ വേർതിരിക്കരുത്. വചനം പരിശോധിക്കുമ്പോളെല്ലാം, നാം കർത്താവിലേക്കു തന്നെ വരണം. വചനം പരിശോധിക്കുന്നതും കർത്താവിനെ സ്പർശിക്കുന്നതും നാം ഒരു കാര്യമാക്കണം. വേദപുസ്തകം പഠിക്കുമ്പോളെല്ലാം, നാം നമ്മുടെ ആത്മാവിനെ കർത്താവിനായി തുറക്കണം. നമ്മുടെ കണ്ണുകൾ വചനങ്ങൾ വായിക്കുമ്പോഴും, നമ്മുടെ മനസ്സ് അവ മനസ്സിലാക്കുമ്പോഴും, നമ്മുടെ ആത്മാവ് തിരുവെഴുത്തുകളിലൂടെ കർത്താവിനെ സ്പർശിക്കുവാനായി പ്രയോഗിച്ചുകൊണ്ടിരിക്കണം. അപ്പോൾ നമുക്ക് എഴുതപ്പെട്ട വചനത്തിന്റെ ഗ്രാഹ്യം മാത്രമല്ല, നമ്മുടെ ആത്മാവിൽ ജീവൻ ഉണ്ടായിരിക്കുകയും ചെയ്യും.

അടയാളങ്ങളും വെളിപ്പാടുകളും വരങ്ങളുമെല്ലാം നമുക്ക് ക്രിസ്തുവിനെ സ്പർശിക്കുവാനുള്ള സാക്ഷികൾ മാത്രമാണ്. ആളുകൾക്ക് ഇന്ന് സാക്ഷ്യങ്ങളുണ്ട്, എന്നാൽ കർത്താവിനെ സ്പർശിക്കുന്നതിൽ അവർ പരാജയപ്പെടുന്നു എന്നതാണ് പ്രശ്നം. അടയാളങ്ങളും വെളിപ്പെടലുകളും വരങ്ങളും തിരുവെഴുത്തുകളുടെ അറിവും ഉണ്ടായിരിക്കുകയും, എന്നാൽ, കർത്താവിനെതന്നെ സ്പർശിക്കുവാനായി വരാതിരിക്കുകയും ചെയ്യുന്നത് സംഭവ്യമാണ്. കർത്താവു മാത്രമാണ് നിങ്ങൾക്ക് ജീവൻ നൽകുന്നത്. അടയാളങ്ങളോ വരങ്ങളോ തിരുവെഴുത്തുകൾ പോലുമോ അല്ല, മറിച്ച് കർത്താവ് തന്നെയാണ് നിങ്ങളെ ജീവിപ്പിക്കുകയും നിങ്ങളിലേക്ക് ജീവൻ പകരുകയും ചെയ്യുന്നത്.

മനുഷ്യന്റെ യഥാർത്ഥ അവസ്ഥ സൂചിപ്പിക്കുവാനും നമ്മുടെ ജീവ സഹായമായി ക്രിസ്തുവിനെ വെളിപ്പെടുത്തുവാനുമാണ് അപ്പൊസ്തലനായ യോഹന്നാൻ ഈ സംഭവങ്ങളെല്ലാം കാണിക്കുന്നത് എന്ന ആശയത്തിന് ഒരിക്കൽകൂടി ഊന്നൽ കൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമത്തെ സംഭവത്തിൽ നാം നല്ല വ്യക്തികളായിരുന്നു; രണ്ടാമത്തേതിൽ പാപികളായ വ്യക്തികളും, മൂന്നാമത്തേതിൽ മരിക്കുന്ന വ്യക്തികളും, നാലാമത്തേതിൽ തളർന്ന വ്യക്തികളും ആയിരുന്നു. ഒന്നാമത്തെ സംഭവത്തിൽ കർത്താവ് നമ്മെ വീണ്ടുംജനിപ്പിക്കുന്ന ജീവനും; രണ്ടാമത്തേതിൽ നമുക്ക് സംതൃപ്തി നൽകുന്ന ജീവനും; മൂന്നാമത്തേതിൽ നമ്മെ സൗഖ്യമാക്കുന്ന ജീവനും; നാലാമത്തേതിൽ നമ്മെ ജീവിപ്പിക്കുന്ന ജീവനും ആണ്. ഈ നാലു സംഭവങ്ങൾ മനസ്സിലാക്കുന്നതിലൂടെ, നാം എവിടെയാണെന്നും, നാം ആരാണെന്നും നമുക്ക് തിരിച്ചറിയാനാവും; കർത്താവ് എവിടെയാണെന്നും അവൻ ആരാണെന്നും നമുക്കറിയുവാനും കഴിയും. അപ്പോൾ നമുക്ക് എന്താണ് ആവശ്യമെന്നും, കർത്താവ് നമുക്ക് എന്ത് നൽകുമെന്നും നാം അറിയും.